**കേരള സർക്കാർ**

നം 662/ഡി സി.1/17/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,തീയതി 20.11.2017

## <u>സർക്കുലർ</u>

വിഷയം: ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 03.10.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 3.20

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റുകൾ വെറ്റിങ്ങിനും സാങ്കേതിക അനുമതിയ്ക്കുമായി അയയ്ക്കുന്നത് ഓൺ ലൈൻ വഴിയാണ്. എന്നാൽ ശുചിത്വ മേഖലയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ സംസ്ഥാന ശുചിത്വ മിഷന് ഓൺ ലൈൻ വഴി അയയ്ക്കുന്നതിനു ക്രമീകരണം ഇല്ലാതിരുന്നതിനാൽ ഇത്തരം പ്രൊജക്റ്റുകളുടെയും എസ്റ്റിമേറ്റിന്റെയും പകർപ്പുകൾ ശുചിത്വ മിഷന് നൽകി സാങ്കേതിക അനുമതി വാങ്ങുന്ന രീതിയായിരുന്നു മുൻ വർഷങ്ങളിൽ ഉണ്ടായിരുന്നത്. പല തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്കും ഇത് സംബന്ധിച്ച് അവ്യക്തതകൾ ഉള്ള സാഹചര്യത്തിൽ ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ജില്ലാ തലത്തിൽ വെറ്റ് ചെയ്ത് സാങ്കേതികാനുമതി നൽകാവുന്ന പ്രൊജക്റ്റുകൾക്ക് ജില്ലാ തലത്തിൽ തന്നെ സാങ്കേതികാനുമതി നൽകണം. പ്രത്യേക സാങ്കേതിക പരിശോധന ആവശ്യമുള്ള പ്രോജക്റ്റുകളും ജില്ലാ തലത്തിലെ സാമ്പത്തിക പരിധിക്കപ്പുറമുള്ള പ്രോജക്റ്റുകളും മാത്രം സംസ്ഥാന ശുചിത്വ മിഷന് നൽകിയാൽ മതി. ഇവ ഓൺ ലൈനായി നൽകുവാനുള്ള ക്രമീകരണം രണ്ടു മാസത്തിനകം ഇൻഫോർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തണം.അതുവരെ മുൻ വർഷങ്ങളിലെ പോലെ പ്രോജക്റ്റിന്റെയും എസ്റ്റിമേറ്റിന്റെയും പകർപ്പുകൾ നൽകി സാങ്കേതികാനുമതി വാങ്ങേണ്ടതാണ്

**സിന്ധു എൽ**
**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ ആസൂത്രണ സമിതികൾക്കും (ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന )
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും(നഗര കാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാപഞ്ചായത്തുകൾക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അടിയന്തിരമായി ഇ മെയിൽ നല്കുന്നതിനുമായി )
ഡയറക്ടർ,ഐ & പി. ആർ. ഡി /വെബ് ആൻഡ് ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ